# തലശ്ശേരി അതിരൂപത
## വിശ്വാസപരിശീലനകേന്ദ്രം

Ph : 0490 2344430, E-mail : catechesistly@gmail.com


## സർക്കുലർ - ഒക്ടോബർ 2017

**"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2:52).**

### 1. അസൈൻമെന്റ് ക്ലാസ് - XII

ഈ അധ്യയനവർഷത്തെ XII-ാം ക്ലാസ് കുട്ടികളുടെ അസൈൻമെന്റ് **ഒക്ടോബർ 30ന്** മുമ്പ് ഓഫീസിൽ എത്തിക്കേണ്ടതാണ്. ക്ലാസ് ടീച്ചർ കുട്ടികളെ അസൈൻമെന്റ് എഴുതാൻ ഒരുക്കേണ്ടതാണ്. ആമുഖം, ഉള്ളടക്കം, ഉപസംഹാരം, റഫറൻസ് ഗ്രന്ഥങ്ങൾ എന്നിവ കൂടാതെ താഴെ കൊടുത്തിരിക്കുന്ന **മൂന്ന് അദ്ധ്യായങ്ങളുള്ള വിഷയവിവരണം 8 പേജ് ഉണ്ടായിരിക്കണം.** 10 പേജിൽ അധികമാകരുത്. കുട്ടിയുടെ മാമ്മോദീസാ പേരും ബ്രായ്ക്കറ്റിൽ വിളിപ്പേരും വീട്ടുപേരും ഇടവകയും അസൈൻമെന്റിൽ എഴുതിയിരിക്കണം. കുട്ടികൾ എഴുതിയ അസൈൻമെന്റിൽ ഓഫീസിൽ നിന്ന് നല്കിയിരിക്കുന്ന നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് ക്ലാസ് ടീച്ചറും ഹെഡ്മാസ്റ്ററും പരിശോധിച്ച് തിരുത്തലുകൾ വരുത്തിയതിന് ശേഷമാണ് ഓഫീസിലേക്ക് അയക്കേണ്ടത്.

**വിഷയം: "കേരള ക്രൈസ്തവ സഭയുടെ സംഭാവനകൾ"**

**അധ്യായങ്ങൾ**
1. വിദ്യാഭ്യാസരംഗത്തെ സംഭാവനകൾ
2. സാംസ്ക്കാരിക രംഗത്തെ സംഭാവനകൾ
3. ആരോഗ്യപരിപാലനരംഗത്തെ സംഭാവനകൾ

### 2. ഡിപ്ലോമ പരീക്ഷ രജിസ്ട്രേഷൻ (ക്ലാസ്സ് XII) വെബ്സൈറ്റിലൂടെ മാത്രം

ഈ അധ്യയനവർഷത്തെ 12-ാം ക്ലാസിലെ റെഗുലർ കുട്ടികളുടെ ഡിപ്ലോമ രജിസ്ട്രേഷൻ വെബ്സൈറ്റിലൂടെ മാത്രമായിരിക്കും. 12-ാം ക്ലാസിലെ കുട്ടികളുടെ വിവരങ്ങൾ പൂർണ്ണമായി ചേർത്തു കഴിയുമ്പോൾ അവരുടെ രജിസ്ട്രേഷൻ പൂർത്തിയാകും. അത് വെബ്സൈറ്റിലെ റിപ്പോർട്ട് സെക്ഷനിൽ ഡിപ്ലോമ രജിസ്ട്രേഷൻ 2017-2018 എന്ന തലകെട്ടിൽ കാണാവുന്നതാണ്. പ്രസ്തുത കോപ്പിയുടെ പ്രിന്റ് എടുത്ത് വീണ്ടും കുട്ടികളെ കാണിച്ച് തിരുത്തലുകൾ ആവശ്യമുണ്ടെങ്കിൽ വരുത്തേണ്ടതാണ്. പൂർണ്ണമായ വിവരങ്ങൾ വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രമേ രജിസ്ട്രേഷൻ നമ്പർ ലഭിക്കുകയുള്ളൂ. രജിസ്ട്രേഷൻ നടത്താത്ത ആരെയും പരീക്ഷ എഴുതുവാൻ അനുവദിക്കുകയില്ല. കുട്ടികളുടെ മാമ്മോദീസ പേര്, സ്കൂളിലെ പേര്, വീട്ടുപേര്, ജനനതീയതി, മാമ്മോദീസ തീയതി, മാതാപിതാക്കളുടെ മാമ്മോദീസ പേര് എന്നിവ നിർബന്ധമായും ഉണ്ടായിരിക്കണം. തിയതികൾ കൃത്യമായും പേരുകൾ അക്ഷരതെറ്റുകൂടാതെയും ചേർക്കേണ്ടതാണ്. സഹായം ആവശ്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുക. സർട്ടി ഫിക്കറ്റിൽ പിന്നീട് വരുന്ന തിരുത്തലുകൾക്ക് ഫൈൻ ഈടാക്കുന്ന തായിരിക്കും.

### 3. XII-ാം ക്ലാസ്സ് ഡിപ്ലോമ ഇംപ്രൂവ്മെന്റ്

XII-ാം ക്ലാസ്സിലെ ഡിപ്ലോമ പരീക്ഷയിൽ തോറ്റവർക്ക് 2018 ജനുവരി 26-ന് നടത്തുന്ന പരീക്ഷയക്ക് പേര് രജിസ്റ്റർ ചെയ്ത് പരീക്ഷ എഴുതാവുന്നതാണ്. സൺഡേ സ്കൂൾ ലെറ്റർപാഡിൽ കുട്ടിയുടെ പേരും വീട്ടുപേരും, പരീക്ഷ എഴുതിയ വർഷം, കഴിഞ്ഞ പരീക്ഷയ്ക്ക് കിട്ടിയ മാർക്കുകൾ, രജിസ്റ്റർ നമ്പർ എന്നിവ എഴുതി ഹെഡ്മാസ്റ്ററിന്റെ ഒപ്പോടുകൂടി ഓഫീസിലേയ്ക്ക് അയ്ക്കേണ്ടതാണ്. അവരുടെ പേരുകൾ വെബ്സൈറ്റിൽ ചേർക്കേണ്ടതില്ല. (ഓഫീസിൽനിന്ന് ചേർക്കുന്നതാണ്).

### 4. ഡിപ്ലോമ : നോൺ റെഗുലർ സ്റ്റുഡൻസ്

വേദപാഠ പഠനം പൂർത്തിയാക്കാതെ ഉന്നത പഠനത്തിനായ് ഇടവകയ്ക്ക് പുറത്ത് പഠിക്കുന്ന കുട്ടികൾ, അവർ പഠിക്കുന്ന ഇടവകയിൽനിന്ന് പഠനം പൂർത്തിയാക്കി എന്ന് സാക്ഷ്യപ്പെടുത്തുന്ന വികാരിയച്ചന്റെയോ ഹെഡ്മാസ്റ്ററിന്റെയോ കത്ത് ഹാജരാക്കിയാൽ അവരെ പരീക്ഷ എഴുതിപ്പിക്കേണ്ടതാണ്. പരീക്ഷയെ സംബന്ധിച്ച് ബഹു. വികാരിയച്ചന്മാർ പൊതുവായ നിർദ്ദേശം പള്ളിയിൽ കൊടുക്കുമല്ലോ. ഇപ്രകാരമുള്ള കുട്ടികളുടെ പേരുവിവരങ്ങൾ ലെറ്റർപാഡിൽ എഴുതി ഹെഡ്മാസ്റ്ററിന്റെ ഒപ്പോടുകൂടി ഓഫീസിലേയ്ക്ക് അയ്ക്കേണ്ടതാണ്. അവരുടെ പേരുകൾ വെബ്സൈറ്റിൽ ചേർക്കേണ്ടതില്ല. (ഓഫീസിൽനിന്ന് ചേർക്കുന്നതാണ്.) അവർ അസൈൻമെന്റ് എഴുതേണ്ടതാണ്. നവോദയ, സ്പോർട്സ് സ്ക്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ അസൈൻമെന്റ് ഓഫീസിൽ എത്തിക്കേണ്ടതില്ല. അവധിക്കാല ക്ലാസ്സിനുവരുമ്പോൾ കൊണ്ടുവന്നാൽ മതി.

### 5. ധ്യാനം : ക്ലാസ് XII (*TESTES DOMINI*)

കഴിഞ്ഞ വർഷങ്ങളിലെപോലെ ഈ അധ്യായനവർഷവും 12-ാം ക്ലാസ്സിലെ കുട്ടികൾക്ക് നവംബർ 31ന് മുമ്പായി

എല്ലാ ഫൊറോനകളിലും രണ്ട് ദിവസത്തെ ധ്യാനം നടത്തേണ്ടതാണ്. അതിനുവേണ്ട ക്രമീകരണങ്ങൾ ഫൊറോന കമ്മിറ്റി നടത്തുമല്ലോ.

**6. മിഷൻ ഞായർ ഒക്ടോബർ 22**

ആഗോളമിഷൻ ഞായറായ ഒക്ടോബർ 22-ാം തീയതി എല്ലാ ഇടവകകളും മിഷൻദിനമായി ആഘോഷിക്കുമല്ലോ.

**7. മതാധ്യാപകദിനം നവംബർ 4**

വി. ചാൾസ് ബൊറോമിയോയുടെ തിരുനാൾ ദിനമായ നവംബർ 4നാണ് മതാധ്യാപകദിനം. എല്ലാ സൺഡേ സ്കൂളുകളിലും നവംബർ 5-ാം തീയതി മതാധ്യാപകദിനം ആചരിക്കുകയും അധ്യാപകർക്ക് സമ്മാനങ്ങൾ കൊടുക്കേണ്ടതുമാണ്. ഹെഡ്മാസ്റ്റർ ബഹു. വികാരിയച്ചനുമായി ആലോചിച്ച് മതാധ്യാപകദിനം സമുചിതമായി ആഘോഷിക്കാൻവേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ. അതിരൂപതയിലെ എല്ലാ മതാധ്യാപകർക്കും മതാധ്യാപകദിനത്തിന്റെ മംഗളങ്ങളും പ്രാർത്ഥനകളും ആശംസിക്കുകയും അധ്യാപകരുടെ ശുശ്രൂഷയെ നന്ദിയോടെ ഓർക്കുകയും ചെയ്യുന്നു.

**8. രാജത്വതിരുനാൾ - നവംബർ 26**

മിശിഹായുടെ രാജത്വതിരുനാൾ ദിനമായ നവംബർ 26-ാം തീയതി എല്ലാ ഇടവകകളിലും സമുചിതമായി ആഘോഷിക്കുവാൻവേണ്ട ക്രമീകരണങ്ങൾ നടത്തുമല്ലോ.

**9. ആസ്പെക്ട്**

2017-2018 അധ്യയനവർഷത്തിൽ അധ്യാപകരുടെ തുടർപഠനഭാഗമായി ഏർപ്പെടുത്തിയിരിക്കുന്നത് '**ഭാരതകത്തോലിക്കാസഭ ഇന്നലെയും ഇന്നും**' എന്ന ഭാരതസഭാചരിത്ര ഗ്രന്ഥമാണ്. കഴിഞ്ഞ വർഷം പഠിച്ച പുസ്തകത്തിന്റെ രണ്ടാം ഭാഗമാണ് (അധ്യായം നാല് മുതൽ) ഈ വർഷം പഠിക്കാനുള്ളത്. കഴിഞ്ഞ വർഷം പുസ്തകം വാങ്ങിക്കാത്തവർ ഈ വർഷം വാങ്ങേണ്ടതാണ്.

**10. ഡയറക്ടറച്ചന്റെ സന്ദർശനം**

വട്ടിയറ ഇടവക സന്ദർശിക്കുകയും വി. കുർബാന അർപ്പിച്ച് പ്രാർ ത്ഥിക്കുകയും മാതാപിതാക്കൾക്കും അധ്യാപകർക്കും കുട്ടികൾക്കും ക്ലാസ്സെടുക്കുകയും ചെയ്തു.

സ്നേഹപൂർവ്വം,

**ഫാ. ജോർജ് കാഞ്ഞിരക്കാട്ട്**
ഡയറക്ടർ